പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :194 05.02.2018 ലെ മറുപടിക്ക്

**പരമ്പരാഗത കയർ തൊഴിലാളികൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.വി. ജോയി<br>ശ്രീ.കെ. ദാസൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ ഏറ്റവും പ്രധാന പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ യന്ത്രവത്കരണത്തോ-ടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് അറിയിക്കുമോ; | എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുള്ള ക്ഷേമപ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു രണ്ടാം പുനസംഘടനാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ കയർമേഖലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കയർമേഖലയുടെ സമഗ്ര വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബ ശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളീകേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെൻററുകൾ, തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കി, പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം കയർ പുനഃസംഘടനാ പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത മേഖലയെ സംരക്ഷിച്ച് തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്. |
| ബി) ഈ വ്യവസായത്തിന്റെ പൈതൃക വിളംബരവും നവീകരണവും ലക്ഷ്യമിട്ട് സംഘടിപ്പിച്ച കയർ കേരള 2017 വഴി ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | ബി) കയർ കേരള 2017-ന്റെ ഭാഗമായി പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതിലേക്ക് 120 കോടി രൂപയുടെ ധാരണാപത്രം പഞ്ചായത്ത് സെക്രട്ടറിമാരും തൊഴിലുറപ്പ് പദ്ധതിയുടെ ജെ.പിസി. മാരും കയർ പ്രോജക്ട് ഓഫീസർമാരും ചേർന്ന് ഒപ്പ |

| | |
|---|---|
| | വയ്ക്കുകയും ടി പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതു വഴി പരമ്പരാഗത കയർ വ്യവസായമേഖലയിലെ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് കഴിയുന്നു. കൂടാതെ കയർ കേരളയിൽ സംഘടിപ്പിച്ച സഹകരണ സെമിനാർ വഴി കയർ മേഖലയുടെ പുനസംഘടനയ്ക്ക് രൂപം നൽകി. ഇതിലൂടെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കയർ മേഖലയിൽ സമ്പൂർണ്ണ ആധുനികവൽക്കരണം, യന്ത്രവൽക്കരണം, നവീകരണം എന്നിവയ്ക്ക് തുടക്കം കുറിച്ചു. |

സെക്ഷൻ ഓഫീസർ